ര

# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

തൃക്കാരിയൂർ ഗ്രൂപ്പിൽപ്പെട്ട പിണ്മറ്റം കിഴകൊമ്പ് ദേവസ്വത്തിൽ കാരാണ്മ ശാന്തി അവകാശം റദ്ദ് ചെയ്യുന്ന സംഗതി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആർ.ഒ.സി.6216/23/വിജി/എസ്

തീയതി:18/11/2024

---

പരാമർശം:- ദേവസ്വം ബോർഡാഫീസിലെ 27/10/22 ലെ ആർ.ഒ.സി.നം.10749/24/മിസ്-1 നമ്പർ ഉത്തരവ്

തൃക്കാരിയൂർ ഗ്രൂപ്പിൽപ്പെട്ട പിണ്മറ്റം സബ്ഗ്രൂപ്പിലെ കിഴക്കൊമ്പ് ദേവസ്വത്തിലെ ശാന്തി ലാവണം കട്ടിമുട്ടത്ത് ഇല്ലത്തിന് കാരാണ്മ അവകാശമായി സിദ്ധിച്ചിട്ടുള്ളതാണെങ്കിലും, നിലവിൽ മറ്റ് അവകാശികൾ കാരാണ്മ വൃത്തി ചെയ്യുന്നതിലേയ്ക്കായി ഇല്ലാത്തതിനാൽ കാരാണ്മ അവകാശം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കട്ടിമുട്ടത്ത് ഇല്ലത്തെ മുതിർന്ന പുരുഷാംഗമായി നിലവിൽ ജീവിച്ചിരിക്കുന്ന ശ്രീ.പി.കെ.നാരായണൻ നമ്പൂതിരിയുടെ അപേക്ഷ ലഭിച്ചതിനെ തുടർന്ന് ടി ശാന്തി ലാവണത്തിലെ കാരാണ്മ അവകാശം റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ് (സൂചന).

ടി സംഗതിയിൽ എന്തെങ്കിലും ആക്ഷേപമോ ടി ലാവണത്തിൽ കാരാണ്മ വൃത്തിക്ക് അവകാശികളോ ഉള്ള പക്ഷം ആയത് രേഖാമൂലം ദേവസ്വം കമ്മീഷണറാഫീസിൽ ഇന്ന് മുതൽ 30 ദിവസത്തിനകം ഹാജരാക്കേണ്ടതും, അല്ലാത്തപക്ഷം കാരാണ്മ അവകാശം റദ്ദ് ചെയ്ത് ടി ശാന്തിലാവണം ഡിപ്പാർട്ട്മെന്റ് ശാന്തി ലാവണമാക്കുന്നതുമാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-
1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തൃക്കാരിയൂർ
3) ഐ.റ്റി. ഡിവിഷൻ
4) സെക്ഷൻ ഫയൽ
5) ഫെയർ ആഫീസ് കോപ്പി

Jyo.19/11